കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-ആസ്തിവികസനം-ധർമ്മടം നിയോജകമണ്ഡലം-പിണറായി ആഡിറ്റോറിയം നിർമ്മാണത്തിന്റെ ഒന്നാം ഘട്ടം - പുതുക്കിയ ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.2110/19/തസ്വഭവ തിരുവനന്തപുരം, തീയതി :27.09. 2019

---

പരാമർശം- 1. 13.05.2013 ലെ സ.ഉ(സാധാ.)നം. 1290 /2013 / തസ്വഭവ

2. 24/08/2015 ലെ സ.ഉ(പി) നം.375/2015/ധന

3. 24/10/2017 ലെ ലെ സ.ഉ(സാധാ.) നം. 3386/2017/ തസ്വഭവ

4.പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 25/06/2019 ലെ സിഇ/ബി.എൽ/10947/കെ.എൻ.ആർ /2013 നമ്പർ കത്ത്

## ഉത്തരവ്

ബഹു. ധർമ്മടം എം.എൽ.എ ആയിരുന്ന ശ്രീ.കെ.കെ നാരായണന്റെ 2015-16 വർഷത്തെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പിണറായി ആഡിറ്റോറിയം നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് പരാമർശം (1) ഉത്തരവ് പ്രകാരം 300 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. തുടർന്ന് പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യെന്നും ഏറ്റവും കുറഞ്ഞ നിരക്കായ 34% അധിക നിരക്കിൽ M/s ULCCS ക്ക് - പ്രവൃത്തി അനുവദിച്ചെന്നും എന്നാൽ ടി ഒന്നാം ഘട്ട പ്രവൃത്തിയ്ക്ക് 34% ടെൻഡർ എക്സസ് വന്നിട്ടുള്ളതിനാൽ കൂടുതൽ വന്നിട്ടുള്ള തുകയായ 94,85,602/-രൂപ കൂടി ചേർത്ത് 3,94,85,602/-രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നല്കണമെന്ന് പരാമർശം (4) ലെ കത്ത് പ്രകാരം പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിനോടഭ്യർത്ഥിച്ചിരുന്നു.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ പിണറായി ആഡിറ്റോറിയം നിർമ്മാണം എന്ന പ്രവൃത്തിയുടെ രണ്ടും മൂന്നും ഘട്ട പ്രവൃത്തികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. പിണറായി കൺവെൻഷൻ സെന്റർ എന്ന പ്രവൃത്തി മൂന്നാം ഘട്ടത്തിൽ എത്തി നിൽക്കുന്ന സാഹചര്യത്തിലും , 2017-18 സാമ്പത്തിക വർഷം മുതൽ ടെണ്ടർ എക്സസ് അനുവദനീയമാണ് എന്നത് കൊണ്ടും, ഓപ്പൺ ടെണ്ടറിൽ പങ്കെടുത്തു L1 ആയി സെലക്റ്റ് ചെയ്യപ്പെട്ടിട്ടാണ് വർക്ക് അവാർഡ് ചെയ്തിരിക്കുന്നത് എന്നീ വസ്തുതകൾ പരിഗണിച്ചും ടി പ്രവൃത്തിയ്ക്ക് 3,94,85,602/- രൂപ(മൂന്ന് കോടി തൊണ്ണൂറ്റി നാലു ലക്ഷത്തി എൺപത്തി അയ്യായിരത്തി അറുന്നൂറ്റി രണ്ട് രൂപ മാത്രം) യുടെ പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവാകുന്നു. ഇപ്രകാരം ടെണ്ടർ എക്സസ് അനുവദിക്കുമ്പോൾ ധർമടം മണ്ഡലത്തിന് ലഭിക്കുന്ന തുക അനുവദനീയമായതിനേക്കാൾ 94.85 ലക്ഷം രൂപ അധികരിക്കുന്ന സാഹചര്യമുള്ളതിനാൽ ഇത്രയും തുക കഴിയുമെങ്കിൽ ഈ സാമ്പത്തിക വർഷമോ (2019-20) അല്ലെങ്കിൽ അടുത്ത സാമ്പത്തിക വർഷമോ (2020-21) അനുവദനീയ

തുകയിൽ നിന്ന് കുറവ് വരുത്തേണ്ടതാണ്.

3. പരാമർശ (1) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

ശ്രീ.കെ.കെ നാരായണൻ എം.എൽ.എ(ആമുഖ കത്ത് സഹിതം)
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ,പൊതുമരാമത്ത് വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
സെക്രട്ടറി പിണറായി ഗ്രാമ പഞ്ചായത്ത്
ത.സ്വ.ഭ.വ(ഒ.എസ്)വകുപ്പ്(ഡി.ബി.2/211/2017/ത.സ്വ.ഭ.വ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ